5. College Infrastructure Upgradation Programme (CIUP)
6. College Quality Improvement Programme (CQIP)
7. Centre of Excellence in 10 selected colleges including Heritage Conservation.

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ഫൈൻ ആർട്സ് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഏകദേശം 215 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

മോഡേൺ സർവ്വേ റിക്കോർഡ് റൂം

28(*268) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡേൺ സർവ്വേ റെക്കാർഡ് റൂം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) ഇ-രേഖ പദ്ധതി മുഖാന്തരം വിവിധങ്ങളായ പ്രക്രിയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള മൂവബിൾ കോംപാക്ടറുകളിലേക്ക് മാറ്റി അവയെ ഒരു മാപ്പ് ലൈബ്രറിയിലൂടെ ശാസ്ത്രീയമായി Cataloging ഏർപ്പെടുത്തി retrieval എളുപ്പം സാധ്യമാക്കുന്നതാണ് ടി പദ്ധതി. സർവ്വേ ഭവന്റെ മൂന്നാമത്തെ നിലയിൽ ടി പദ്ധതിക്കായി കോംപാക്ടറുകൾ സ്ഥാപിച്ച് ഇ-രേഖ പദ്ധതിയിലൂടെ സംരക്ഷണം നടത്തിയ റിക്കോർഡുകൾ ടി കോംപാക്ടറുകളിൽ സൂക്ഷിച്ചുവരുന്ന ജോലി പുരോഗതിയിലുമാണ്. കൂടാതെ ജില്ലകളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിട്ടുള്ള ലാന്റ് റിക്കോർഡുകൾ സംരക്ഷിക്കപ്പെടേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

മുൻനിർത്തി എല്ലാ ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസുകളിലും സർവ്വേ ഭവനം കേന്ദ്രീകരിച്ച് മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടപ്പാക്കിവരുന്നു. ഇതിൽ സ്ഥല ലഭ്യതയുള്ള 10 ജില്ലകളിൽ കോംപാക്ടറുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്. എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റിക്കോർഡ് സംരക്ഷണത്തിനായി കേരളാ ലാൻറ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലാണ്.

(സി) ജില്ലാതലങ്ങളിലെ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റിക്കോർഡ് റൂമുകൾ ഓരോ ജില്ലയിൽ 1 വീതവും സർവ്വേ ഭവനിലും സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G.O.(Rt.)No. 6071/2013/ RD ഉത്തരവ് പ്രകാരം 4,85,31,900 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കിവരുകയും ചെയ്യുന്നു. 2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വേ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡ് സൂക്ഷിക്കുന്നതിന് റിക്കോർഡ് റൂം സ്ഥാപിക്കുകയും ആയതിലേക്കായി 1 കോടി രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റിക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി G.O.(Rt.)1379/2015/RD നമ്പർ ഉത്തരവ് പ്രകാരം 2,41,70,360 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് റിക്കോർഡ് റൂമിന്റെ ജോലി നടന്നുവരികയും ചെയ്യുന്നു.

ദേശീയപാത വികസനം

29(*269) ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.എച്ച്-17, എൻ.എച്ച്-47 എന്നീ ദേശീയ പാതകളുടെ വികസനപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പാതകളുടെ വികസന പ്രവർത്തനങ്ങളിൽനിന്നും പിന്മാറിയ നാഷണൽ ഹൈവേ അതോറിറ്റി വീണ്ടും സഹകരിക്കാൻ തയ്യാറായിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകൾ മുന്നോട്ടുവച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly